കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെല്ലനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2347/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം, തീയതി 15.02.2019
ഇമെയിൽ - lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in
ഫോൺ - 04712331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20 ,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2347/2018 തീയതി 15.02.2019

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.09.2017 മുതൽ 21.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ റാൻഡം സാംപ്ലിംഗ് നടത്തി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ. എസ്.ജെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 21.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി.സാബു. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ലേഖ. എം.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.വിനുകുമാർ.പി.കെ, ഓഡിറ്റർ<br>ശ്രീ.ശരത്.ജെ.ശങ്കർ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സുജിത്.എസ്.കുറുപ്പ് | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ.എസ്. പ്രസന്നൻ | 01.04.2017മുതൽ 31.05.2017വരെ |

| | | |
|---|---|---|
| | ശ്രീമതി. വിജയലക്ഷ്മി. ജി. (ജൂനിയർ സൂപ്രണ്ട് ഇൻ ചാർജ്ജ്) | 01.06.2017 മുതൽ 02.06.2017 വരെ |
| | ശ്രീമതി.ചിത്ര പ്രസന്നൻ (സെക്രട്ടറി ഇൻ ചാർജ്) | 03.06.2017മുതൽ 08.06.2017വരെ |
| | ശ്രീ. സുപിൻ.വി. (സെക്രട്ടറി) | 09.06.2017മുതൽ 02.09.2017വരെ |
| | ശ്രീ.സജികുമാർ.വി.എസ്. (സെക്രട്ടറി ഇൻ ചാർജ്) | 03.09.2017മുതൽ 07.09.2017വരെ |
| | ശ്രീ.പി.ബി.സന്തോഷ് കുമാർ (സെക്രട്ടറി) | 08.09.2017മുതൽ 31.10.2017വരെ |
| | ശ്രീമതി.അരുണപ്രഭ (സെക്രട്ടറി) | 01.11.2017മുതൽ 10.11.2017വരെ |
| | ശ്രീ.സജുകുമാർ.ബി.എസ്. (അസി. സെക്രട്ടറി ഇൻ ചാർജ്ജ്) | 11.11.2017മുതൽ 03.12.2017വരെ |
| | ശ്രീ.ജ്യോതിസ്. വി. (സെക്രട്ടറി) | 04.12.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ, എ-സർക്കിൾ | ശ്രീമതി. ചിത്ര. കെ.ആർ. | 01.04.2017മുതൽ 31.10.2017വരെ |
| | ശ്രീ.മഞ്ചേഷ്. എൻ. | 22.11.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ, ബി-സർക്കിൾ | ശ്രീമതി. ചിത്ര.കെ.ആർ. | 01.04.2017മുതൽ 21.06.2017 വരെ |
| | ശ്രീ. ആഘോഷ്. എസ്. ദർശൻ | 22.06.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എ.സലിം | 01.04.2017മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.അനിൽകുമാർ | 01.04.2017മുതൽ 31.03.2018വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ജ്യോതിസ്.എസ് | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ | ഡോ.സജികുമാർ. പി.എൻ. | 01.04.2017മുതൽ |

| | | |
|---|---|---|
| ഓഫീസർ, പി.എച്ച്.സി. | | 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.രാജ്കുമാർ | 01.04.2017മുതൽ 30.7.2017വരെ |
| | ഡോ. സ്മിത | 31.7.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.രാജ്കുമാർ | 01.04.2017മുതൽ 30.07.2017വരെ |
| | ഡോ. സ്മിത | 31.07.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അമീന.എൻ | 01.04.2017മുതൽ 31.03.2018വരെ |
| അസി.സെക്രട്ടറി | ശ്രീ. എം. മുഹമ്മദ് ഷെരീഫ് | 01.04.2017മുതൽ 10.4.2017വരെ |
| | ശ്രീ. സജുകുമാർ | 20.6.2017മുതൽ 31.3.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സുജാതകുമാരി | 01.04.2017 മുതൽ 08.11.2017 വരെ |
| | ശ്രീമതി . ദീപ്തി. ബി.എസ്. | 09.11.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ദീപ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 |
| 14 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 2-2 |
| 15 | തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല-വരുമാനനഷ്ടത്തിന് സാധ്യത | 2-3 |
| 16 | കടമുറികളുടെ വാടക ഈടാക്കുന്നില്ല | 2-4 |
| 17 | മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല-വരവ് നഷ്ടം | 2-5 |
| 18 | വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല | 2-6 |
| 19 | ക്രമവൽക്കരണ ഫീസ് ഈടാക്കുന്നില്ല - വരവ് നഷ്ടം ഈടാക്കേണ്ടതാണ് | 2-7 |
| 20 | ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-8 |
| | ഭാഗം - 3 | |
| 21 | പൊതുഭരണവും ധനകാര്യവും -സ്റ്റാറ്റസ് റിപ്പോർട്ട്/വർക്കിംഗ് ഗ്രൂപ്പ്നിർദ്ദേശങ്ങൾ പരിഗണിച്ചില്ല | 3-1 |
| 22 | കണ്ടിജന്റ് ചെലവ് രേഖകൾ ഹാജരാക്കിയില്ല. 25,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 23 | തെരുവ് വിളക്ക് പരിപാലനം – അപാകതകൾ | 3-3 |

| | | |
|---|---|---|
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 2,06,018/- രൂപ തടസ്സം ചെയ്യുന്നു | 3-4 |
| 25 | വ്യവസ്ഥകൾ പാലിക്കില്ലായെന്ന് രേഖപ്പെടുത്തിയിട്ടും പദ്ധതിക്ക് അംഗീകാരം നൽകി | 3-5 |
| 26 | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാൻ നടപടി സ്വീകിരിക്കേണ്ടതാണ് | 3-6 |
| 27 | നെയിം ബോർഡ് സ്ഥാപിക്കൽ - എസ്റ്റിമേറ്റ് 12,034/-രൂപ അധികമായി ചെലവഴിച്ചു. തുക നിരാകരിക്കുന്നു. | 3-7 |
| 28 | മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നത് – നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 3-8 |
| 29 | നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല | 3-9 |
| 30 | സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല | 3-10 |
| 31 | ആവശ്യകത നിർണ്ണയിക്കാതെ ആവിഷ്കരിച്ച പദ്ധതി ആവശ്യക്കാരില്ലാത്തതിനാൽ നടപ്പാക്കിയില്ല | 3-11 |
| 32 | ഗുണഭോക്തൃ ലിസ്റ്റ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-12 |
| 33 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-13 |
| 34 | ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടില്ല | 3-14 |
| 35 | വി.ഇ.ഒ. യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്. | 3-15 |
| 36 | ഭവന നിർമ്മാണം -ഗുണഭോക്താവിന് അർഹതപ്പെട്ട സബ്സിഡി തുക നല്കിയിട്ടില്ല | 3-16 |
| 37 | ജാഗ്രതാസമിതിയുടെ പ്രവർത്തനം നടക്കുന്നില്ല. | 3-17 |
| 38 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 3-18 |

| | | |
|---|---|---|
| | ഭാഗം - 4 | |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിശദാംശം | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2017തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 28,57,74,992/- രൂപയും ചെലവ് 27,66,06,400/-രൂപയും നീക്കിയിരിപ്പ് 91,68,592/- രൂപയും ആണ്. എന്നാൽ യഥാർത്ഥ വരവ് 11,77,96,461/- രൂപയും, ചെലവ് 8,57,20,215/-രൂപയും, നീക്കിയിരിപ്പ് 3,20,76,246/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | തീയതി | |
|---|---|---|
| 2017-18 | 02.08.2018 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1663/2018 തീയതി 02.08.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,57,26,119/- |
| വരവ് | 8,20,70,342/- |
| ആകെ | 11,77,96,461/- |
| ചെലവ് | 8,57,20,215/- |
| നീക്കിയിരിപ്പ് | 3,20,76,246/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13149259 | 13149259 | 13149259 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7269448 | 7269448 | 7269448 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12256604 | 12256604 | 12256604 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 3433513 | 3433513 | 3433513 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7462817 | 7462817 | 7462817 | 0 |
| ലോകബാങ്ക് ധന സഹായം | 0 | 420727 | 420727 | 420727 | 0 |
| ജോയിന്റ് വെഞ്ച്വർ | 0 | 3200575 | 3200575 | 3457928 | -257353 |
| എം.എൻ.ആർ.ഇ.ജി. എസ്. | 1297 | 1436277 | 1437574 | 1419588 | 17986 |
| ssa | 589530 | 22341 | 611871 | 0 | 611871 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 3754 | 26400 | 30154 | 0 | 30154 |
| E-payment | 0 | 52516 | 52516 | 0 | 52516 |
| ബി ഫണ്ട് | 0 | 226940 | 226940 | 226940 | 0 |
| Distress relief fund | 10037 | - | 10037 | 2000 | 8037 |
| Cash | 0 | 422650 | 422650 | 0 | 422650 |
| തനത് ഫണ്ട് (Central Bank) | 23367602 | 23745275 | 47112877 | 15848103 | 31264774 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 11753899 | 8945000 | 20698899 | 20773288 | -74389 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 1783288 | 6 | 1358969 | 1 | 1 | 76 |
| 2 | വെറ്റിനറി സർജൻ | 13 | 8994000 | 8 | 3883100 | 4 | 1 | 43 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1 | 800000 | 1 | 753241 | 0 | 0 | 94 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 1711725 | 4 | 1711725 | 0 | 0 | 100 |
| 5 | വി.ഇ.ഒ | 13 | 8243409 | 8 | 6203409 | 2 | 3 | 75 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5525100 | 8 | 4358186 | 0 | 1 | 79 |
| 7 | സെക്രട്ടറി | 26 | 13897160 | 11 | 7352622 | 5 | 10 | 53 |
| 8 | എ.ഇ. | 93 | 54767020 | 53 | 24845088 | 12 | 28 | 45 |
| 9 | ഹെഡ്മാസ്റ്റർ | 5 | 3394757 | 3 | 2726757 | 0 | 2 | 80 |
| 10 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1300000 | 1 | 908504 | 0 | 0 | 70 |
| 11 | അസിസ്റ്റന്റ് | 6 | 2258000 | 6 | 1432250 | 0 | 0 | 63 |

| | സെക്രട്ടറി | | | | | | | | |
|---|---|---|---|---|---|---|---|---|---|

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1297 | 1436277 | 1437574 | 1419588 | 17986 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14854901 | 14854901 | 14854901 | 0 |
| ആകെ | 1297 | 16291178 | 16292475 | 16274489 | 17986 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,14,440/- | 326 |
| കർഷകതൊഴിലാളി പെൻഷൻ | 45,14,700/- | 395 |
| വിധവാപെൻഷൻ | 1,70,03,700/- | 1515 |
| വാർദ്ധക്യകാലപെൻഷൻ | 2,91,50,200/- | 2215 |
| വികലാംഗപെൻഷൻ | 38,62,700/- | 363 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 6,40,000/- | 54 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2018 ഉച്ചയ്ക്ക് 3 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11,568/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകളിൽ നിന്ന് അധികമായി ചെലവഴിച്ചിട്ടില്ലെന്നും, ചെലവ് മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണം സ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ച നല്കിയിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും, സബ് വൗച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ

കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്.

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാമാസവും കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം പരിപാലിച്ചിട്ടില്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല. |

| | | |
|---|---|---|
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ പിറ്റേ ദിവസം സെക്ഷനുകൾക്ക് നൽകാറുണ്ട്<br>മോണിറ്ററിംഗ് നടത്താറില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടില്ല. |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം (01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം.01/.12.11.2018) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ

ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

iii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെകുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.10.2018 | 1.7.2017മുതൽ 9.2018വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.5.2014മുതൽ16.5.2014വരെ | 2009-10മുതൽ 2013-14 വരെ | 08.07.2014 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1663/2018 തീയതി 02.08.2018-ാം നമ്പറായി പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഇല്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമനം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | 27.01.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനവരി 15-ന് മുൻപ് | എല്ലാ ഘടകസ്ഥാപനങ്ങളും സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 06.02.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 22.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 25.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 27.03.2017 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം മെഡിക്കൽ ഓഫീസർ ആയുർവേദം, ഐ.സി.ഡി.എസ് സൂപ്പർവൈസർ, കൃഷി ഓഫീസർ എന്നീ നിർവഹണോദ്യോഗസ്ഥർ മാത്രമാണ് ബജറ്റ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയും ഘടകസ്ഥാപനങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്താതെയുമാണ് ബജറ്റ് തയ്യാറാക്കിയത്. തൻമൂലം ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | റിപ്പയർ&മെയിന്റനൻസ്-മറ്റ് സ്ഥിര ആസ്തികൾ | 230509901 | - | 5,53,580/- |
| 2 | കൃഷിയും അനുബന്ധ മേഖലയും-നെൽകൃഷി | 250100101 | 2,45,000/- | 4,20,809/- |
| 3 | മൃഗസംരക്ഷണം -അനുബന്ധ സൗകര്യം | 250104101 | - | 13,03,400/- |
| 4 | സാക്ഷരത- തുല്യതാ പരീക്ഷ | 251011501 | 75,000/- | 1,62,000/- |
| 5 | ക്ഷീര വികസനം പശ്ചാത്തല സൗകര്യം | 250104801 | - | 95,900/- |

നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

a)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. നിലവിൽ സൂക്ഷിച്ചിട്ടുള്ള 2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 554 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ 482 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

b)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2016-17 വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച IV, XII, XV വാർഡിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളെ '2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | IV/57 | വിഷ്ണു.ബി.ആർ | ഇലക്ട്രോപ്ലേറ്റിംഗ് |
| 2 | IV/515 | സുനിൽകുമാർ.ആർ.എസ് | ലെയ്ത്ത് വർക്ക് |
| 3 | IV/401 | അനീഷ് | ഫ്രൂട്ട്സ് കട |
| 4 | XII/179 | രാജേഷ് | ഫർണിച്ചർ കട |
| 5 | XII/40 | മുത്തുകുമാർ | സ്നാക്സ് കട |
| 6 | XII/45 | ഷിബു.എസ് | സ്റ്റോർ |
| 7 | XII/521 | നസീം | ബേക്കറി |
| 8 | XII/32 | അനൂപ്.എസ്.എസ്. | ജനറൽ സ്റ്റോർ |
| 9 | XV/206 | രജിരാജ്.എൻ.വി | ഓയിൽ മിൽ |
| 10 | XV/395 | വേണുഗോപാലൻ നായർ | ജനറൽ സ്റ്റോർ |
| 11 | XV/349 | ശ്രീജിത്ത് | ടയർ കട |
| 12 | XV/377 | സുരേഷ് ബാബു | ബിൽഡിംഗ് മെറ്റീരിയൽ |
| 13 | XV/240 | ഇർഷാദ്. ബി. | ഫ്രൂട്ട്സ് കട |

c)ലൈസൻസ് ഫീ കുറവായി ഈടാക്കി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/13.11.2018-ന് ലഭിച്ച മറുപടിയിൽ മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | പേര് | വ്യാപാര സ്ഥാപനം | ദിവസ വരുമാനം (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | XI/261 | ജെ.മോഹനൻ നായർ | പെട്രോൾ പമ്പ് | 1,50,000/- | 4,000/- | 2,000/- | 2,000/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | VII/458 | ഷീജാ ഷാഫി | പെട്രോൾ പമ്പ് | 1,50,000/- | 4,000/- | 2,000/- | 2,000/- |
| 3 | VI/357 | ഓഫീസർ ഇൻ ചാർജ് സപ്ലൈക്കോ | സൂപ്പർ മാർക്കറ്റ് | 80,000/- | 2,000/- | 1,000/- | 1,000/- |
| ആകെ | | | | | | | 5,000/- |

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ഡി & ഒ ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസ് ഫീ കുറവായി ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

തൻവർഷത്തെ തൊഴിൽ നികുതി അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

i)നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഡി&ഒ ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഡി&ഒ ലൈസൻസിനായി സമർപ്പിച്ച ആദ്യ 100അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | VII/237 | ദേവരാജൻ.എസ്. | ഹോട്ടൽ | 10 |
| 2 | IX/29 | മുഹമ്മദ് ഹുസൈൻ | ഹൈപ്പർ മാർക്കറ്റ് | 25 |
| 3 | VIII/135 | മധു രാമാനുജൻ | ഫാർമസ്യൂട്ടിക്കൽ | 15 |
| 4 | IV/500 | എൻ. സുരേഷ് | റസ്റ്റോറന്റ് | 5 |

ii) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല

നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല.

a)മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് - I&II അർദ്ധവർഷം

b)ഐ.സി.ഐ.സി.ഐ. ബാങ്ക് - I&II അർദ്ധവർഷം

iii) പത്രിക പൂർണ്ണമല്ല.

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും വരുത്തി വേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഇത്തരത്തിലും വരുമാന നഷ്ടത്തിന് സാധ്യതയുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരം റിട്ടേൺ സമർപ്പിച്ചിട്ടില്ല.

a)ലീല രവി ഹോസ്പിറ്റൽ - I&II അർദ്ധവർഷം

b)ഷാജ് മെമ്മോറിയൽ ക്ലീനിക്ക് -I&II അർദ്ധവർഷം

iv)തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1 | അൻസ് ഹോസ്പിറ്റൽ, വെഞ്ഞാറമൂട് | രണ്ടാം അർദ്ധവർഷം |
| 2 | മെഡിടെക് ലബോറട്ടറി, വെഞ്ഞാറമൂട് | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

v)തൊഴിൽ നികുതി കുറവായി ഈടാക്കി

താഴെപ്പറയുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| പേര് | ഉദ്യോഗപ്പേര്/ സ്ഥാപനം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| കിരൺ.എ.റ്റി | സീനിയർ ഓഫീസർ<br>ഐ.സി.ഐ.സി.ഐ. ബാങ്ക് | 185388 | 1250 | 1000 | 250 |
| അനി.ആർ | എച്ച്.എ.ഗ്രേഡ് II | 133120 | 1250 | 1000 | 250 |

vi.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ 17 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

vii)സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | വെഞ്ഞാറമൂട് സർവ്വീസ് സഹകരണ ബാങ്ക് | I അർദ്ധവർഷം |
| 2 | എസ്.ബി.ഐ.വെഞ്ഞാറമൂട് | I&II അർദ്ധവർഷം |
| 3 | ശ്രീഗോകുലം ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 4 | സൗത്ത് ഇന്ത്യൻ ബാങ്ക് | I&II അർദ്ധവർഷം |
| 5 | അൻസി ഹോസ്പിറ്റൽ | II അർദ്ധവർഷം |
| 6 | ഇന്ത്യൻ ബാങ്ക് | ഒന്നാം<br>അർദ്ധവർഷം |
| 7 | ഐ.സി.ഐ.സി.ഐ. ബാങ്ക് | I&II അർദ്ധവർഷം |
| 8 | ബി.എസ്.എൻ.എൽ | I&II അർദ്ധവർഷം |

viii) ബി.എസ്.എൻ.എൽ. ഓഫീസിന്റെ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ഓഫീസിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-4 കടമുറികളുടെ വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന കടമുറികളിൽ നിന്നും 2017-18വർഷത്തെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | കടമുറി നം | പേര് | കാലയളവ് | വാടക |
|---|---|---|---|---|
| 1 | SC-21 | ദിലീപ് കുമാർ | 11/2017 മുതൽ 12/17 വരെ | 2005x2=4010 |
| 2 | SC-24 | കെ.ഹരീഷ്/ ഗിരീഷ് | 11/2017 മുതൽ 12/17 വരെ | 1783x2=3566 |
| 3 | OPSP-2 | ശിവപ്രസാദ് | 09/2017 മുതൽ 12/17 വരെ | 469x4=1876 |
| 4 | OPSP-3 | നിഹാസ് | 04/2017 മുതൽ 12/17വരെ | 644x9=5796 |
| 5 | New NMS-11 | ബഷീർ | 04/2017 മുതൽ 03/18വരെ | 824x12=9888 |
| 6 | New NMS-13 | നിസാർ | 04/2017 മുതൽ 03/18വരെ | 824x12=9888 |
| 7 | New NMS-14 | ഇബ്രാഹിം കുഞ്ഞ് | 04/2017 മുതൽ 03/18വരെ | 824x12=9888 |
| 8 | New NMS-16 | ശിവപ്രസാദ് | 04/2017 മുതൽ 12/17വരെ | 799x9=7191 |

മേൽ കടമുറികളിൽ ക്രമ നം.11, 13, 14 പ്രകാരമുള്ള വാടകക്കാർ തൻ വർഷം ഗ്രാമപഞ്ചായത്തുമായി നിയമാനുസൃതമായ കരാർ ചമച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/15.11.2018 ലഭിച്ച് മറുപടി പ്രകാരം എല്ലാ കടയുടമകൾക്കും കുടിശ്ശിക തുക ഒടുക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും, നിയമാനുസൃതമായ കരാർ ചമയ്ക്കാത്ത വാടകക്കാർക്ക് ജപ്തി, പ്രോസിക്യൂഷൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം

ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും, ഈടാക്കലും) ചട്ടങ്ങൾ പ്രകാരം വാടകകുടിശ്ശിക, പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല-വരവ് നഷ്ടം

കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചാർജ്ജും ചട്ടങ്ങൾ) 2011 പട്ടിക 1 ക്രമ നം.10-ൽ ഉൾപ്പെടുന്നവയാണ് മൊബൈൽ ടവറുകൾ. ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ചുവടെപ്പറയുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല.

| ക്രമ നം. | കെട്ടിടം | സ്ഥാപനം |
|---|---|---|
| 1 | 2/724/A | മാനേജർ WTTKSC |
| 2 | 4/65/A | ഭാരതി ഇൻഫ്രാ സ്ട്രക്ക്ച്ചർ ലിമിറ്റഡ് |
| 3 | 4/271 | ഭാരതി ആരതി മൊബൈൽ |
| 4 | 6/122 | റിലയൻസ് ഇൻഫോക്കോം |
| 5 | 6/363 | ജയകുമാർ, താലം |
| 6 | 6/364/A | ഇൻഡസ് ടവർ |
| 7 | 6/903 | ഇൻഡസ് ടവർ |
| 8 | 7/951/A | BSNL |
| 9 | 11/429 | WTTKSC |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.33/15.11.2018)-ന് നൽകിയ മറുപടിയിൽ റവന്യൂ റിക്കവറി നോട്ടീസ് അയയ്ക്കുകയും ഇ മെയിൽ നൽകുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നികുതി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണ(35/15.11.18)ത്തിന് ഡേറ്റാ പ്യൂരിഫിക്കേഷനിൽ ഉണ്ടായ അപാകത പരിഹരിച്ചതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള $200M^2$ ന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

| പേര് | കെട്ടിട നം. |
|---|---|
| സ്മിത ആഡിറ്റോറിയം | 4/563 |

| | |
|---|---|
| സെക്രട്ടറി, ഫൗണ്ടേഷൻ ഓഫ് എൻ.ആർ.ഐ. | 5/656 |
| ഷാജഹാൻ, സലിം മൻസിൽ | 6/152 |
| ഷാജഹാൻ, സലിം മൻസിൽ | 6/154 |

മുകളിൽ ചേർത്തിരിക്കുന്നവർക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക ഈടാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ തുക ഈടാക്കാനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ക്രമവൽക്കരണ ഫീസ് ഈടാക്കുന്നില്ല- വരവ് നഷ്ടം ഈടാക്കേണ്ടതാണ്

കേരളപഞ്ചായത്ത് രാജ് ആക്ട് (1994)ചട്ടം134 പ്രകാരം അനുമതി വാങ്ങാതെയുള്ള നിർമ്മാണങ്ങൾക്ക് KPBRന് വിധേയമാണെങ്കിൽ ക്രമവൽക്കരണ ഫീസ് ഈടാക്കി അനുമതി നൽകാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ചതിൽ നിർമ്മാണ പ്രവൃത്തികൾക്ക് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2298B/RP2/lsgdസർക്കുലർ പ്രകാരമുള്ളത്) ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾ (നം.31) ന് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

| പേര്, വിലാസം | ഫയൽ നം | നിർമ്മാണ സ്വഭാവം | വിസ്തീർണ്ണം($M^2$) | നിർമ്മാണം അനുവദിച്ച തീയതി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|
| സിന്ധു. എസ്.എസ്<br>എസ്.എസ്.ഭവൻ, ശാന്തിനഗർ, വെഞ്ഞാറമൂട് | A46945/17/ 14.8.17 | വാസഗൃഹം | 163.38 | 19.9.17 | 489 |
| ഹക്കീം, പരുത്തിവിളവീട്<br>കരിമൺകോട് | A45895/17 /10.7.18 | വാണിജ്യം | 152.84 | 23.8.17 | 2293 |
| ഗോപിചെട്ടിയാർ<br>പഴവീട്<br>വയ്യേറ്റ് | A47023/17/ 16.8.17 | വാസഗൃഹം | 49.3 | 19.9.17 | 444 |
| മെർലിൻഎബ്രഹാം<br>കല്ലുത്തുഹൗസ്,മുക്കന്നൂർ വെഞ്ഞാറമൂട് | A47232/17/ 23.8.17 | വാസഗൃഹം | 86.37 | 22.9.17 | 777 |
| ഗീതാകുമാരിഅമ്മ | A47243/17/ 23.8.17 | വാസഗൃഹം | 72.85 | 22.9.17 | 656 |

| | | | | | |
|---|---|---|---|---|---|
| കൊച്ചുതോട്ടത്തിൽവീട്, തോട്ടുകുന്നം | | | | | |
| സൈനുദ്ദീൻ. എസ്.എൻ. മൻസിൽ, നെല്ലനാട് | A47273/17/ 24.8.17 | വാസഗൃഹം | 269.7 | 9.10.17 | 1363 |
| ബിജുകുമാര്യസജി ബിജുകുമാർ, നക്ഷത്രഭവൻ, മുത്രർക്കോണം | A46569/17/ 29/7/16 | വാസഗൃഹം | 39.48 | 14.9.17 | 355 |
| സുധീഷ്കുമാർ, ലേഖ. എൽ.വി, പച്ചയിൽവിളാകം, ആലന്തറ | A46735/17/ 3.8.17 | വാസഗൃഹം | 15.94 | 24.8.17 | 143 |
| ശ്രീദേവി.എസ്,കോട്ടപ്പുറത്തുവീട്, കാവറ, വെഞ്ഞാറമൂട് | A46889/17/ 9.8.17 | വാസഗൃഹം | 32.68 | 19.10.17 | 294 |
| പ്രസന്നകുമാർ,റജിമോൾ, എസ്.കെനിവാസ്, പാലത്തറ | A46927/17/ 16.8.17 | വാസഗൃഹം | 65 | 13.9.17 | 585 |
| സന്തോഷ്.എം,കുന്നിൽവീട്, കോട്ടുകുന്നം, വെഞ്ഞാറമൂട് | A46954/17/ 11.8.17 | വാസഗൃഹം | 81.91 | 13.10.17 | 737 |
| ശാരദ.എസ്,മൂലയിൽവീട്, മുത്രർക്കോണം | A46074/17/ 12.7.17 | വാസഗൃഹം | 143.6 | 2.8.17 | 1292 |
| നിസാമുദ്ദീൻ | A46178/17/ 15.7.17 | വാസഗൃഹം | 153 | 1`5.10.17 | 1377 |
| ഉഷ.എ മാടൻവിളവീട്, കോട്ടുകുന്നം | A46304/17/ 20.7.17 | വാസഗൃഹം | 86.7 | 31.8.17 | 780 |
| വി.പി അശോക് കുമാർ വി.എൻ.പി ഹൗസ്, വയ്യേറ്റ് | A46466/17/ 25.7.17 | വാസഗൃഹം | 58.86 | 26.9.17 | 530 |
| സനൽകുമാർ, ഓംശക്തി, കാവറ | A45517/17/ 21.6.17 | വാസഗൃഹം | 99.09 | 4.7.17 | 892 |

ആകെ 13,007/- രൂപ ഈ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 2-8 ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 1,27,348/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ്

പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുഭരണവും ധനകാര്യവും -സ്റ്റാറ്റസ് റിപ്പോർട്ട്/വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ചില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കണക്കുകളും രേഖകളും തയ്യാറാക്കൽ ജനസേവനം കാര്യക്ഷമമാക്കൽ' വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തതും സ്റ്റാറ്റസ് റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രോജക്ടുകളും ചുവടെ ചേർക്കുന്നു.

| പൊതുഭരണവും ധനകാര്യവും സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2017-18 വർഷത്തേയ്ക്ക് ശുപാർശ ചെയ്ത പദ്ധതികൾ | കണക്കുകകളും രേഖകളും തയ്യാറാക്കൽ ജനസേവനം കാര്യക്ഷമമാക്കൽ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്ത പദ്ധതികൾ (04.03.2017, 16.05.17, 24.05.17ലെ മീറ്റിംഗ് മിനിട്ട്സ് പ്രകാരം) |
|---|---|
| 1.പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ്<br>2.പ്രിന്റർ, ടെലിവിഷൻ, ജനറേറ്റർ, ടച്ച് സ്ക്രീൻ, ടോക്കൺ മെഷീൻ, ഫർണീച്ചർ എന്നിവ വാങ്ങൽ<br>3.ലൈബ്രറികളിൽ പുസ്തകം<br>4.സൗജന്യ വൈഫൈ<br>5.ഗ്രാമകേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ്<br>6.പൊതുസ്ഥലങ്ങളിൽ വാർത്താബോർഡ്<br>7.ശ്മശാന നിർമ്മാണം<br>8.ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | 1.പഞ്ചായത്തിൽ ഫയൽ ട്രാക്കിംഗ് സംവിധാനം.<br>2.സർട്ടിഫിക്കറ്റ് നൽകുന്നതിന് ഓൺലൈൻ സംവിധാനം.<br>3.പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കറ്റ്<br>4.പ്രിന്റർ, ടെലിവിഷൻ, ജനറേറ്റർ, ടച്ച് സ്ക്രീൻ, ടോക്കൺ മെഷീൻ, ഫർണിച്ചർ എന്നിവ വാങ്ങൽ<br>5.ശ്മശാന നിർമ്മാണം<br>6.ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം |

സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് എന്നിവ പ്രകാരമുള്ള മേൽ പദ്ധതി ശുപാർശകളിൽ പ്രിന്റർ, ടെലിവിഷൻ, ഫർണിച്ചർ വാങ്ങൽ, ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം എന്നിവ മാത്രമാണ് അന്തിമ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണ നിർവഹണ നടപടികൾ വ്യക്തമാക്കി ജി.ഒ.(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. തീയതി 29-03-2017 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ മാർഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പ്രോജക്ടുകൾ തയ്യാറാക്കി നിർവഹണം നടത്തിയിട്ടുള്ളത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു എന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 3-2 <u>കണ്ടിജന്റ് ചെലവ് രേഖകൾ ഹാജരാക്കിയില്ല. 25000/-രൂപ തടസ്സപ്പെടുത്തുന്നു.</u>

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾക്ക് 2017-18 വർഷത്തെ കണ്ടിജന്റ് ചെലവുകൾക്കായി താഴെപ്പറയും വിധം മുൻകൂർ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | സ്ഥാപന മേധാവി | മുൻകൂർ നൽകിയ തുക | ചെലവ് | ബാക്കി തുക |
|---|---|---|---|---|
| 1 | വെറ്ററിനറി സർജൻ | 25,000/- | ചെലവ് രേഖകൾ ഹാജരാക്കിയില്ല | - |
| 2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 23,200/- | 16,963/- | 6,237/- |
| 3 | ഹെഡ്മാസ്റ്റർ | 58,555/- | 58,116/- | 439/- (ബാക്കി തുക തിരികെ ഒടുക്കിയിട്ടില്ല) |
| 4 | കൃഷി ഓഫീസർ | 20,000/- | 18,455/- | 1,545/- |
| 5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 45,000/- | 17,736/- | 27,264/- |
| 6 | മെഡിക്കൽ ഓഫീസർ ആയുർവേദം | 25,000/- | 22,055/- | 2,945/- |

സ.ഉ.(എം.എസ്)നം.80/2017/തസ്വഭവ തീ.03.04.2017 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യകത പരിഗണിച്ച് ബജറ്റിൽ വകയിരുത്തി സ്ഥാപന മേധാവികൾക്ക് തുക അനുവദിക്കാവുന്നതുമാണ്. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ചെലവ്

വൗച്ചറുകൾ സ്ഥാപന മേധാവികൾ സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ കണ്ടിജൻ്റ് ചെലവുകൾക്കായി കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ആവശ്യകത പട്ടിക തയ്യാറാക്കി പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. സ്ഥാപനങ്ങളുടെ ആവശ്യകതാ നിർണയം നടത്താതെ മുൻകൂർ നൽകിയതിനാൽ സ്ഥാപന മേധാവികൾ ചെറിയ ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഉദാഹരണമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് 45,000/- രൂപ അനുവദിച്ചതിൽ 17,736/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഹെഡ്മാസ്റ്റർ ചെലവ് തുകയുടെ ബാക്കി നാളിതുവരെയും പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടില്ല. കൂടാതെ സ്ഥാപന മേധാവികളൊന്നും തന്നെ തുക ചെലവഴിച്ചതിൻ്റെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. വെറ്റനറി സർജന് 25,000/- രൂപ അനുവദിച്ചെങ്കിലും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

1. തെരുവ് വിളക്കുകൾ സംബന്ധിച്ച് കൃത്യമായ കണക്കില്ലാതെ തുക ഒടുക്കുന്നതു മൂലം അധിക ചെലവുണ്ടാകുന്നു

   ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| മാസം | ഒടുക്കിയ തുക |
|---|---|
| ഏപ്രിൽ 2017 | 1,01,837/- |
| മെയ് 2017 | 85,911/- |
| ജൂൺ 2017 | 1,24,861/- |
| ജൂലൈ 2017 | 1,07,548/- |
| ഓഗസ്റ്റ് 2017 | 1,12,371/- |
| സെപ്റ്റംബർ 2017 | 1,11,939/- |
| ഓക്ടോബർ 2017 | 1,25,313/- |
| നവംബർ 2017 | 1,08,096/- |
| ഡിസംബർ 2017 | 1,23,685/- |
| ജനുവരി 2018 | 1,21,499/- |
| ഫെബ്രുവരി 2018 | 1,22,544/- |
| മാർച്ച്2018 | 1,07,690/- |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി. യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല. (എൻക്വയറി നം.11) ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിൽ ഏറ്റകുറച്ചിലോട് കൂടിയാണ് KSEBയുടെ ഡിമാന്റ് പ്രകാരം തുക ഒടുക്കിയിട്ടുള്ളത്. ഇത്തരത്തിൽ ഏറ്റകുറച്ചിൽ ഉണ്ടായതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 42/21.11.18 ന് ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കുന്ന ബിൽ പ്രകാരമാണ് തുക ഒടുക്കി വരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി.8(എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി. ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി. 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

കെ.എസ്.ഇ.ബി യുടെ B.O.(FTD)No.1043/2017(KSEB/TRAC/Tarrif Revision /2017-18) Tvpm dated 21.04.17 പ്രകാരമുള്ള എൽ.റ്റി. 8 (എ), എൽ.റ്റി. 8 (ബി) താരിഫ് പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടിവരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കൂ |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഈടാക്കുന്നില്ല. |
| ചാർജ്ജ് ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കുവാൻ പ്രയാസം നേരിടുന്നു. | പ്രവർത്തിക്കുന്നതിനനുസരിച്ചുമാത്രമേ ചാർജ്ജ് ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്താൻ കഴിയുന്നു. |

വൈദ്യുതി ചാർജ്ജിൽ വലിയ വ്യത്യാസമുണ്ടായിട്ടും ഇത് സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റി ചർച്ചചെയ്യതായി കാണുന്നില്ല (മിനിട്ട്സ് പരിശോധന). ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ii) തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആവശ്യകത തിട്ടപ്പെടുത്തുന്നതിനും ഇത് തടസ്സമാകുന്നുണ്ട്. ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി സൂക്ഷിച്ചാൽ അവയുടെ ഗ്യാരണ്ടി കാലാവധി തീരുന്നതിനു മുമ്പ് ഉപയോഗിക്കാൻ കഴിയാതെ വന്നേക്കാം. ആയതിനാൽ തെരുവു വിളക്കുകളുടെ ആസ്തി രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും അറ്റകുറ്റപ്പണി നടത്തുന്നതിന്റെ വിവരം രേഖപ്പെടുത്തിപ്പോരേണ്ടതുമാണ്. (എൻക്വയറി നം.11)

iii) തെരുവു വിളക്ക് വാങ്ങലും സ്ഥാപിക്കലും-പഞ്ചായത്തിന് കണക്കില്ല

പ്രോജക്ടിന്റെ പേര്-തെരുവു വിളക്ക് വാങ്ങലും സ്ഥാപിക്കലും

നം-SOO36/18(സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ- വികസനഫണ്ട് 5,00,000/-

ചെലവ് തുക- ബിൽ നം. 9/17-18/31.7.17- 498199

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പഞ്ചായത്ത് പരിധിയിൽ തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആൽഫ ഇലക്ട്രോണിക്സ് എന്ന സ്ഥാപനവുമായി എഗ്രിമെന്റ് നം. 19991/10.1.17 പ്രകാരം 10.01.2017ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം മൂന്നുവർഷത്തെ വാറണ്ടിയിൽ 24W L.E.Dലൈറ്റുകൾ ഇൻസ്റ്റലേഷനും ഫർദർ മെയിന്റനനൻസിനുമുൾപ്പെടെയാണ് വാങ്ങിയിരിക്കുന്നത്. 2016-17ൽ നടപ്പിലാക്കിയ പദ്ധതിയിൽ പുതിയ തെരുവുവിളക്കുകൾ സ്ഥാപിച്ചതിൽ കേടായ തെരുവുവിളക്കുകൾ നന്നാക്കുകയുണ്ടായില്ലായെന്നും മുൻ കമ്മിറ്റി തീരുമാനപ്രകാരം അഞ്ചു ശതമാനം തുക ഡെപ്പാസിറ്റായി കെട്ടിവയ്ക്കുന്നതിന് അറിയിപ്പ് നൽകിയെങ്കിലും നാളിതുവരെ തുക ഒടുക്കുകയോ കേടായ തെരുവുവിളക്കുകൾ നന്നാക്കുകയോ ചെയ്തിട്ടില്ലായെന്നും അതിനാൽ സ്ഥാപനത്തിന് നാളിതുവരെ തുക നൽകുകയോ ചെയ്തിട്ടില്ലായെന്നും 17.7.17ലെ പതിനെട്ടാം നമ്പർ തീരുമാന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ 5,00,000/-രൂപ ബിൽ പ്രകാരം ഉള്ള തുകയിൽ നിന്ന് 20% കുറച്ച് നൽകുന്നതിനും ബാക്കി തുക എഗ്രിമെന്റ് കാലാവധി കഴിയുന്നതുവരെ പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഡെപ്പാസിറ്റായി ഉൾപ്പെടുത്തുന്നതിനും പഞ്ചായത്ത്കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ 23.7.17ലെA2-5733/17-ാം നം കത്തിൽ, സ്ഥാപിച്ച എൽ.ഇ.ഡി തെരുവുവിളക്കുകൾ ഭൂരിഭാഗവും ഒരാഴ്ചക്കം കേടായ സാഹചര്യത്തിൽ കേടായ ലൈറ്റുകൾ മാറ്റി സ്ഥാപിച്ചതിനു ശേഷം മാത്രം ബിൽ പ്രകാരമുള്ള തുക നൽകിയാൽ മതിയെന്നും, ആയതിനാൽ ഇരുപത് ശതമാനം കുറച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നിലനിർത്തിയതിന് ശേഷം ബാക്കി തുക നൽകിയാൽ മതി എന്ന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും ഇത് കഴിച്ച് 3,98,559/-രൂപ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഉൾപ്പെടുത്തിയിട്ടുള്ള തുക റിപ്പയർ ജോലികൾ പൂർത്തിയാക്കിയതിന് ശേഷം മൂന്ന് വർഷ കാലാവധി കഴിയുന്ന സമയം തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തെരുവുവിളക്കുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണികൾക്കുമായി മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ട് കൂടാതെ തൻവർഷം പ്രോജക്ട് നം.2(ചെലവ് 4,53,149/- രൂപ), പ്രോജക്ട് നം.38 (ചെലവ് 1,08,360/-) എന്നിവ കൂടി നടപ്പാക്കിയിട്ടുണ്ട്. ആകെ തൻവർഷം 10,59,708/- രൂപ തെരുവുവിളക്കുകൾക്കായി

ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിരിച്ചുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ, തെരുവുവിളക്ക് സംബന്ധിച്ച പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കേടായ സാധനങ്ങൾ തിരികെ കൊണ്ടു വന്ന് രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കുകയോ ചെയ്യുന്നില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015ലെ ഉത്തരവ് നം. ജി2-44274/15 പ്രകാരമുള്ള നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ഏതൊക്കെ തെരുവുവിളക്കുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ പുതിയതായി സ്ഥാപിച്ചവ ഏതെന്നോ വ്യക്തമല്ല. പ്രോജക്ട് നം.4ൽ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ),പ്രോജക്ട് നം.2ൽ വർക്കിംഗ് ഗ്രൂപ്പ് കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ പ്രോജക്ട് നം. 36ൽ വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പൊതുമരാമത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ആയത് സംബന്ധിച്ചുള്ള ചർച്ചകൾ അല്ലാതെ മറ്റൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്ന വർക്കിംഗ് ഗ്രൂപ്പിൽ തെരുവുവിളക്കുകളെ സംബന്ധിച്ച യാതൊരു ചർച്ചയും നടത്തിയിട്ടില്ല. ഇതിൽ നിന്ന് തന്നെ തെരുവുവിളക്കുകളെ സംബന്ധിച്ച് ഏത് വർക്കിംഗ് ഗ്രൂപ്പ് ആണ് മോണിറ്ററിംഗ് നടത്തേണ്ടത് എന്നതു സംബന്ധിച്ച തന്നെ വ്യക്തതയില്ലായെന്ന് വിലയിരുത്തുന്നു. സർക്കുലർ നം.3055/സി.എ/3/11 തീയതി 15.09.2011ന്റെ ഖ.2(ബി) പ്രകാരം തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിനു മുൻപ് KSEBയുമായി സംയുക്ത പരിശോധന നടത്തിയിരിക്കണം എന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും മെയിന്റനൻസും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നിരിക്കെ കാര്യക്ഷമമായ ഇടപെടൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സ്ഥാപിക്കലും നടപ്പിലാക്കേണ്ടതാണ്.

## 3-4 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-2,06,018/- രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നം. | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഐ.കെ.എം പ്രവർത്തനഫണ്ട് SOOO1/18 | വികസനഫണ്ട്-100000 | Bill No. 4/17-18 /15.7.17-81718 | ഐ.കെ.എം. ന് പ്രസ്തുത തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | ജലശ്രീ | വികസനഫണ്ട്- | Bill No. | ജില്ലാപഞ്ചായത്തിന് |

| | | | | |
|---|---|---|---|---|
| | പ്രോജക്ട് SOO71/18 | 100000 | 16/17-18 /11.10.17-100000 | പ്രസ്തുത തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3 | മത്സ്യ മാർക്കറ്റിന് വൈദ്യുതി കണക്ഷൻ SOO69/18 | വികസനഫണ്ട്-24300 | Bill No 5/17-18 /14.7.17-24300 | കെ.എസ്.ഇ.ബിയ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.21ന് ലഭ്യമാക്കിയ മറുപടിയിൽ ഐ.കെ.എംൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും മറ്റ് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഐ.കെ.എംൽ നിന്നുള്ള കൈപ്പറ്റ് രസീത് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച 2,06,018/- രൂപ തടസ്സം ചെയ്യുന്നു.

## 3-5 <u>വ്യവസ്ഥകൾ പാലിക്കില്ലായെന്ന് രേഖപ്പെടുത്തിയിട്ടും പദ്ധതിക്ക് അംഗീകാരം നൽകി</u>

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ആദ്യപടിയാണ് ആവശ്യകത നിർണ്ണയിക്കുക, മുൻഗണന നിശ്ചയിക്കുക അതിനനുസരിച്ച് ഫണ്ട് കണ്ടെത്തുക മുതലായ നടപടിക്രമങ്ങൾ സ.ഉ.72/17 പ്രകാരമുള്ള പദ്ധതി ആസൂത്രണ നിർവഹണ നടപടികളിലെ 9 ഘട്ടങ്ങളിലെ 6-ാം ഘട്ടമായ പ്രോജക്ടുകൾ തയ്യാറാക്കൽ ഖ(6) എന്ന വിഭാഗത്തിൽ ഖ.6.11 ആയി ഡാറ്റ എൻട്രി സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കുന്നതിന് മുന്നോടിയായി പ്രോജക്ട് രൂപീകരണ ഫോറം 3 ൽ പ്രോജക്ട് നടപ്പാക്കുന്ന രീതി വിശദമായി പ്രതിപാദിക്കേണ്ടതാണ്. ഇതനുസരിച്ചായിരിക്കണം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടപ്പാക്കേണ്ടത്. ഈ പ്രോജക്ടിൽ ആമുഖം, ലക്ഷ്യങ്ങൾ, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, സാമ്പത്തിക വിശകലനം, പ്രവർത്തനങ്ങളുടേയും ചെലവുകളുടേയും വിശദാംശങ്ങൾ, ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ, പരിശീലനങ്ങൾ, അധിക വിവരങ്ങളും രേഖകളും, കൂടാതെ മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. ഏറ്റവും അവസാനമായി വിഷയ മേഖലാ അടിസ്ഥാനത്തിലുള്ള പരിശോധനയും സാക്ഷ്യപത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളായ ഐ.കെ.എം. പ്രവർത്തന ഫണ്ട് (നം.1/18), പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (നം.SOO3/18), മത്സ്യ മാർക്കറ്റിന് വൈദ്യുത കണക്ഷൻ(SOO69/18), കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി (SOOO4/18); എന്നീ പ്രോജക്ടുകളുടെ വിഷയമേഖലാ അടിസ്ഥാനത്തിലുള്ള പരിശോധനയും സാക്ഷ്യപത്രവും വ്യവസ്ഥകളിൽ IV ചേർത്ത കാര്യങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വ്യവസ്ഥകൾ | ഫോറത്തിൽ ഫിൽ ചെയ്ത വിവരം |
|---|---|---|

| | | |
|---|---|---|
| 1 | നിർദ്ദേശിക്കപ്പെട്ട ഫോറത്തിലാണോ പ്രോജക്ട് തയ്യാറാക്കിയത് | അല്ല |
| 2 | പഞ്ചായത്ത് ആക്ട് പ്രകാരം ഏറ്റെടുക്കാവുന്നതാണോ ? | അല്ല |
| 3 | പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ ? | അല്ല |
| 4 | പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ വിഷയമേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതാണോ ? | അല്ല |
| 5 | ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ പ്രോജക്ട് ആണോ ? | അല്ല |
| 6 | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾക്കാണോ സബ്സിഡി നൽകുന്നത് ? | ബാധകമല്ല |
| 7 | അനുവദനീയമായ വിഭാഗങ്ങൾക്കാണോ സബ്സിഡി നൽകുന്നത് ? | ബാധകമല്ല |
| 8 | സബ്സിഡിയുടെ തുക – ശതമാന പരിധികൾ പാലിച്ചിട്ടുണ്ടോ ? | ബാധകമല്ല |
| 9 | വകുപ്പ് പരിപാടികളിലൂടെ ലഭ്യമാക്കാൻ കഴിയാത്ത പ്രവർത്തന ഇനങ്ങളാണോ ? | അല്ല. |
| 10 | എല്ലാ സാങ്കേതിക വശങ്ങളും പരിശോധിച്ചതിൽ സാങ്കേതികമായി കുറ്റമറ്റതാണെന്ന് തോന്നിയിട്ടുണ്ടോ ? | ബാധകമല്ല |
| 11 | മരാമത്ത് ചട്ടപ്രകാരമുള്ള സാങ്കേതിക അനുമതി ആവശ്യമുണ്ടോ ? | ബാധകമല്ല |
| 12 | സ്ഥലപരിശോധന ആവശ്യമായ പ്രോജക്ടാണെങ്കിൽ അത് നടത്തിയിട്ടുണ്ടോ ? | ബാധകമല്ല |
| 13 | സാമ്പത്തികക്ഷമത പരിശോധിച്ചതിൽ ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗം അവലംബിച്ചിട്ടുണ്ടെന്നും സാമ്പത്തികമായി വിജയപ്രദമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ? | ഇല്ല |
| 14 | ഉപയോഗപ്പെടുത്താൻ കഴിയുന്ന നിഷ്ക്രിയ ആസ്തികൾ ഇല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ | ബാധകമല്ല |
| 15 | പ്രോജക്ടിന്റെ പ്രവർത്തനങ്ങളും സംഘാടനരീതികളും വിവരണാത്മകമായി എഴുതിയിട്ടുണ്ടോ ? | ബാധകമല്ല |

| | | |
|---|---|---|
| 16 | ചെലവുകൾ ഇനം തിരിച്ചും ഇനങ്ങളിലെ വ്യത്യസ്ത ചെലവുകൾ വേർതിരിച്ചും രേഖപ്പെടുത്തിയിട്ടുണ്ടോ ? | ബാധകമല്ല |
| 17 | അനിവാര്യ ചുമതലകളുടെ ഭാഗമായുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | ഇല്ല |
| 18 | ആവശ്യമായ അനുമതി പത്രങ്ങൾ ലഭിച്ചിട്ടുണ്ടോ ? | ബാധകമല്ല |

മുകളിൽ രേഖപ്പെടുത്തിയ വ്യവസ്ഥകളിൽ ക്രമ നം. 1മുതൽ 18 വരെയുള്ളവയ്ക്ക് നൽകിയ മറുപടി പരിശോധിക്കുകയാണെങ്കിൽ മേൽ പറഞ്ഞ പ്രോജക്ടുകൾക്ക് ഒന്നിനും അനുമതി നൽകാവുന്നതല്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഇത്തരത്തിൽ ഡാറ്റാ എൻട്രി നടത്തിയിട്ടും അതിന് അംഗീകാരം നൽകിയതിനെ കുറിച്ചും, ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കേണ്ട സാഹചര്യത്തെക്കുറിച്ചും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24-ന് ലഭ്യമാക്കിയ മറുപടിയിൽ ഡാറ്റാ എൻട്രിയിൽ സംഭവിച്ച പിഴവാണെന്നും ഭാവിയിൽ തെറ്റുകൾ സംഭവിക്കാതെ സൂക്ഷിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ജി.ഒ(എം.എസ്) 72/2017/LSGD dated 29.3.2017 പ്രകാരം ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്. ഓരോ പ്രോജക്ടിന്റെയും, യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പു വരുത്തണം. ഇത്തരത്തിലുള്ള നടപടി ക്രമങ്ങൾ പാലിക്കാതെയാണ് മേൽ പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്. ഭാവിയിൽ പദ്ധതി രേഖകൾ തയ്യാറാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

## 3-6 വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയതത്- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാൻ നടപടി സ്വീകിരിക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര്- പൈപ്പ് ലൈൻ നീട്ടൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നം. - SOOO6/18

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാൻറ് 43,00,000/-

ചെലവ് - ബിൽ നം.13/17-18/28.9.17-28,00,000/-

19/17-18/6.1.18-15,00,000/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കിയ പൈപ്പ് ലൈൻ നീട്ടുന്നതിലേക്കായി ആകെ 43,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 30.7.2018ലെ DB1-6095/17/WSDN/ATL കത്ത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ചെലവ് കഴിച്ച് ആകെ 15,05,129/- രൂപ അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽത്തുക റീഫണ്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക സംബന്ധിച്ച് തീരുമാനത്തിനായി ഭരണ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും തീരുമാനത്തിനു വിധേയമായി വാട്ടർ അതോറിറ്റിയ്ക്ക് കത്ത്

നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം പ്രകാരം അവശേഷിക്കുന്ന തുക 15,05,129/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 നെയിം ബോർഡ് സ്ഥാപിക്കൽ - എസ്റ്റിമേറ്റ് 12,034/-രൂപ അധികമായി ചെലവഴിച്ചു. തുക നിരാകരിക്കുന്നു.

പ്രോജക്ട് - തണ്ട്രാം പൊയ്ക അയിലൂർക്കോണം റോഡ് പുനരുദ്ധാരണം

പ്രോജക്ട് നം - SO88/18 (110/17)

അടങ്കൽ - 8,60,040/-(മെയിന്റനൻസ് ഫണ്ട്-റോഡ്)

ചെലവ് തുക - 8,54,869/-

ബിൽ നം. - 1/2017-18 തീ.30.06.17

എം. ബുക്ക് നം - 480/16-17

കരാറുകാരൻ - ശ്രീ.പ്രദീപ്.എം

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 9 പ്രകാരം നെയിംബോർഡ് സ്ഥാപിക്കുന്നതിനായി 3,025/- രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തിയുടെ ഇ ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. പ്രദീപ് എം. 8,60,040/- രൂപ ക്വാട്ട് ചെയ്യുകയും ടിയാൾക്ക് വർക്ക് അനുവദിച്ച് നൽകുകയും ചെയ്തു. ഐറ്റം റേറ്റ് ഇനം.9 നെയിംബോർഡ് സ്ഥാപിക്കുന്നതിന് ടിയാൻ 15,000/- രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്.

30.01.17 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(2)-ാം നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ ഘടനയിൽ മാറ്റം വരുത്താതെയും എസ്റ്റിമേറ്റ് തുകയിൽ അധികമാകാതെയും പുതുതായി സാങ്കേതികാനുമതി നല്കി പണി പൂർത്തീകരിക്കാൻ അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുണ്ടായി. അപ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ നെയിംബോർഡ് സ്ഥാപിക്കുന്നതിന് 15,000/- രൂപ വകയിരുത്തുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ ബിൽ, എം. ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ നെയിംബോർഡിന് 15,000/-രൂപ അനുവദിച്ച് നൽകിയതായി കണ്ടു.

19.11.2018 ൽ അസി. എഞ്ചിനീയർ, ഓഡിറ്റ് ടീം എന്നിവർ സംയുക്തമായി നടത്തിയ സ്ഥല പരിശോധനയിൽ 2016-17 DAR നിരക്കനുസരിച്ച് 2,198/- രൂപ ചെലവിൽ നിർമ്മിച്ച് നെയിംബോർഡ് സ്ഥാപിച്ചതായാണ് കണ്ടത്. ഡാറ്റാ ചുവടെ ചേർക്കുന്നു.

| ക്രമ നം. | description | അളവ് | തുക |
|---|---|---|---|
| 1 | 10.25.2 സ്റ്റീൽ വർക്ക് | 10.329kg @ 123.87/kg | 1279.45 |
| 2 | 2.8.1 എർത്ത് വർക്ക് എക്സ്കാവേഷൻ | 0.045cum @239.82/cum | 10.79 |

| | | | |
|---|---|---|---|
| 3 | 4.1.3 സിമന്റ് കോൺക്രീറ്റ് | 0.036cum@7900.59/cum | 284.42 |
| 4 | 13.61.1 പ്രിന്റിംഗ് | 1.090sq.m@112.99/sq.m | 123.16 |
| 5 | ഫ്ലകസ് പ്രിന്റ് | | 500.00 |
| | ആകെ | | 2,198.00 |

ഇത് സംബന്ധിച്ച് 15.11.2018 ലെ 32-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഐറ്റം റേറ്റ് ക്വാട്ടിംഗ് പ്രകാരം ഐറ്റം.9-ന് കരാറുകാരൻ ക്വാട്ട്, ചെയ്തത് 15,000/- രൂപയാണെന്നും അതാണ് ടിയാന് അനുവദിച്ച് നൽകിയതെന്നുമാണ് മറുപടി നൽകിയത്. പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയില്ല. പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയറുടെയും ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഗുരുതരമായ കൃത്യവിലോപമാണ് ഇക്കാര്യത്തിൽ ഉണ്ടായത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക | 15,000/- |
| അനുവദിക്കേണ്ട തുക | 2198/- |
| | 12802/- |
| VAT (-) | 512/- |
| IT (-) | 128/- |
| KCWWF (-) | 128/- |
| കരാറുകാരന് അധികമായി നൽകിയ തുക | 12034/- |

ടി തുക നിർവഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയറിൽ നിന്നും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-8** മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണപ്രവൃത്തി നടത്തുന്നത് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തിയിൽ ചിലവ മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ചാണ് ചെയ്തിരിക്കുന്നത്. ജി.ഒ.(എം.എസ്)330/2004/lsgd dated 9.12.2004 ഗവ. സർക്കുലർ നം.68228/FM1/2012/lsgd dated 28.11.12 എന്നിവ പ്രകാരം ഇത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലായെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്ത ശേഷമായിരിക്കണം പ്രസ്തുത ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇപ്രകാരം ഫണ്ട് ചെലവഴിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-9 നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല

1. മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാല നപദ്ധതി )തയ്യാറാക്കിയിട്ടില്ല

   മെയന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡിതര-റോഡ് ആസ്തികളുടെ സംരക്ഷണത്തിനോ, അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനോ, നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനോ പ്രത്യേക മെയന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

   ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

## 3-10 സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| പ്രോജക്ട് നം. പേര് | സുലേഖ പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|
| 8/17-18,ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം<br>അടങ്കൽ തുക -തനത് ഫണ്ട് (2,52,000/-)<br>11/17-18 ഗ്രാമ കേന്ദ്രത്തിന്റെ വാടകയും അനുബന്ധ ചെലവും<br>അടങ്കൽ തുക -തനത് ഫണ്ട്(150000) | 0<br>45,500/- | 2,54,750/-<br>ചെക്ക് നം. 104786/25.7.2017-4,500/-<br>ചെക്ക് നം.35656/6.10.17-9,000/-<br>ചെക്ക് നം.35663/9.10.17-4,500/-<br>ചെക്ക് നം.35679/19.10.17-8,700/- |

| | | |
|---|---|---|
| | | ചെക്ക് നം.54311/20.1.18-6,750/-<br>ചെക്ക് നം.54329/30.1.18-4,500/-<br>ചെക്ക് നം.38279/9.3.18-1,050/-<br>ചെക്ക് നം.38502/31.3.18-1,500/-<br>ചെക്ക് നം.38503/31.3.18-4,500/-<br>ചെക്ക് നം.38501/31.3.18 -10,500/- |
| ആകെ ചെലവ് | | 55,500/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.43ന് ലഭ്യമാക്കിയ മറുപടിയിൽ സുലേഖ സോഫ്റ്റ്‌വെയറിൽ പ്രസ്തുത തുകകൾ ഡാറ്റാ എൻട്രി നടത്തുന്നതിന് മാർച്ച് 31നകം കഴിഞ്ഞില്ലായെന്നും അതിനാലാണ് തുക വ്യത്യാസപ്പെട്ടത് എന്നും യഥാർത്ഥ ചെലവ് സാംഖ്യാപ്രകാരമുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുണ്ടാവേണ്ടതാണ്.

## 3-11 ആവശ്യകത നിർണ്ണയിക്കാതെ ആവിഷ്കരിച്ച പദ്ധതി ആവശ്യക്കാരില്ലാത്തതിനാൽ നടപ്പാക്കിയില്ല

പ്രോജക്റ്റിന്റെ പേര്- ഹരിതഭവനം

നം - SO166/18

അടങ്കൽ - തനത്ഫണ്ട് 1,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

പരിസ്ഥിതിക്ക് ഇണങ്ങുന്ന വിധം വീട്ടിൽ ജൈവകൃഷി, മഴവെള്ള സംഭരണി, വീട്ടിലെ മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കുക, വളക്കുഴി നിർമ്മിക്കുക ഇത്രയും പ്രവർത്തനങ്ങൾ താമസിക്കുന്ന സ്ഥലത്ത് ഒരുക്കുന്ന വീട്ടുടമസ്ഥന് 20,000/- രൂപ വരെ പരമാവധി ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ അഞ്ചു പേർക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ മേൽ പദ്ധതി തൻവർഷം നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.35-ന് ലഭ്യമാക്കിയ മറുപടിയിൽ ഒരു ഗുണഭോക്താവ് മാത്രമാണ് പദ്ധതി നടപ്പിലാക്കാൻ മുന്നോട്ട് വന്നതെന്നും എന്നാൽ അവർ പദ്ധതിയിൽ നിഷ്കർഷിച്ചതുപോലെ എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ തയ്യാറായില്ലായെന്നും അതിനാലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാത്തതെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഇതിൽ നിന്നും ആവശ്യകത നിർണ്ണയിക്കാതെയാണ് പദ്ധതി ആവിഷ്കരിച്ചിരുന്നതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത വേളയിൽ പദ്ധതിയുടെ ലക്ഷ്യത്തെ സംബന്ധിച്ച് അവർക്ക് വ്യക്തമായ ധാരണ നൽകിയിരുന്നില്ലായെന്നും വ്യക്തമാകുന്നു. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആവശ്യകത നിർണ്ണയിച്ച് മാത്രം അപ്രകാരം ചെയ്യുന്നതിന് വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃലിസ്റ്റ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച

സ.ഉ(എം.എസ്) നം.80/2017/lsgd. Dated 3.4.2017 പ്രകാരം വ്യക്തികൾക്കോ ഗ്രൂപ്പ സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച മുൻഗണനാക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. സമിതി അംഗീകരിച്ച ഓരോ വാർഡ്തല ലിസ്റ്റിലെയും ഗുണഭോക്താക്കളുടെ എണ്ണത്തെ തദ്ദേശഭരണസ്ഥാപനത്തിൽ തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുന്നതിനെ എല്ലാ വാർഡുതലത്തിലെയും ഗുണഭോക്താക്കളുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ ഓരോ വാർഡിൽ നിന്നും തദ്ദേശഭരണ സ്ഥാപന തലത്തിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഇതിനെ മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തദ്ദേശസ്ഥാപനതല ലിസ്റ്റ് ആക്കണം. ഇതായിരിക്കണം അടിസ്ഥാന ലിസ്റ്റ്. ഇതിൽ നിന്നും മാറ്റങ്ങൾ വരുത്തേണ്ടി വരുന്നെങ്കിൽ അതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി ഭരണസമിതി അംഗീകരിക്കണം. അംഗീകരിച്ച മുൻഗണനാലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.15, 30 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 2017-18 വർഷം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും അർഹരായവർക്ക് മുൻഗണനാക്രമം അനുസരിച്ച് ആനുകൂല്യം നൽകുന്നതിന് നിർവ്വഹണഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെന്നും മറ്റ് രേഖകളൊന്നും ലഭ്യമല്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് അപ്രകാരമുള്ള നടപടികൾ പൂർണ്ണമായി പാലിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ ഇട്ടിട്ടില്ല. 2015-16 വർഷത്തെ ഗുണഭോക്തൃലിസ്റ്റാണ് അവസാനമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നത്. ഓഡിറ്റ് എൻക്വയറി നല്കിയതിനു ശേഷം ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾക്കാണോ ആനുകൂല്യം ലഭിച്ചിരിക്കുന്നതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ വാർഡ് അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാവിയിൽ സർക്കാർ നിർദ്ദേശം പൂർണമായും പാലിക്കേണ്ടതും അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും മുൻഗണനാ ക്രമം പാലിച്ചുകൊണ്ട് അർഹരായ ഗുണഭോകതാക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.

## 3-13 <u>വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല</u>

വെറ്റിനറി സർജൻ തൻവർഷം സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റു മെന്റ് പ്രകാരം ഏഴ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഓഡിറ്റ് റിക്വസിഷൻ 1 പ്രകാരം ആവശ്യപ്പെട്ടിട്ടും പ്രസ്തുത പദ്ധതികളുടെ ഫയൽ, അനുബന്ധ രേഖകൾ, ബിൽ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം വെറ്റിനറി സർജൻ തൻവർഷം ചെലവഴിച്ച ആകെ തുക 13,58,969/- രൂപ തടസ്സം ചെയ്യുന്നു.

## 3-14 <u>ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടില്ല</u>

സമൂഹത്തിലെ ഏറ്റവും ദുർബലരും സഹായം ഏറ്റവും അധികം ആവശ്യമുള്ളവരുമായ ഗുണഭോക്താക്കൾക്കായി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണ് ആശ്രയ. ആശ്രയ പദ്ധതിയ്ക്കായി

4,00,000/- രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ജി.ഒ,(എം.എസ്).72/2017/തസ്വഭവ തീ.29.03.2017 അനിവാര്യ വകയിരുത്തലുകളിൽപ്പെടുന്ന പദ്ധതിയാണ് ആശ്രയ. 2017മാർച്ച് 4 ന് കൂടിയ ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിന്റെ മീറ്റിംഗിലും 27.10.2017-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗിലും ആശ്രയ പദ്ധതി നടപ്പിലാക്കണമെന്നും ഗുണഭോക്തൃലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതെന്നും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുവെന്നും മറുപടി നല്കി. ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-15 വി.ഇ.ഒ. യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്

വി.ഇ.ഒ. യുടെ അക്കൗണ്ടിൽ നിലവിൽ ( 14.11.18) 91,076/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുക 2012-13 സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷനിൽ നിന്നും 100 പേർക്ക് കക്കൂസ് നല്കുന്നതിനായി 4,60,000/- രൂപ (100*4600=4,60,000/-) അനുവദിക്കുകയും ഇതിൽ 86 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുകയും അവർക്കായുള്ള (86*4600 =3,95,000/-) രൂപ ചെലവഴിക്കുകയും ഗുണഭോക്താക്കളുടെ അഭാവം കാരണം 14 പേർക്കുള്ള തുക (14*4600=64,400/-) രൂപ നല്കിയിട്ടില്ല. കൂടാതെ odf പദ്ധതിയിൽ പണി പൂർത്തിയാക്കാത്ത 3 ഗുണഭോക്താക്കൾക്കുള്ള അവസാന ഗഡു തുകയായ (9400*3=28,200/-)രൂപ നല്കിയിട്ടില്ല. ടി രണ്ടു പദ്ധതികൾക്കുമായുള്ള തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുകയിൽ (64400+28200=92600/-) 1,524/- രൂപ ബാങ്ക് ചാർജ്ജ് കഴിച്ചുള്ള തുക 91,076/- രൂപയാണ് അക്കൗണ്ടിൽ അവശേഷിക്കുന്നതെന്ന് ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28, 16.11.18) മറുപടി നല്കി. ജി.ഒ.(പി)119/2015/ധനം. തീയതി 21.03.15, ഖണ്ഡിക 10.1 പ്രകാരം അധികം പിൻവലിച്ച തുക ചലാൻ വഴി തിരിച്ചടയ്ക്കേണ്ടതാണ്. അതിനാൽ ചെലവഴിക്കാത്ത തുക അതാത് ഹെഡ്ഓഫ് അക്കൗണ്ടിൽ തിരികെ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-16 ഭവന നിർമ്മാണം -ഗുണഭോക്താവിന് അർഹതപ്പെട്ട സബ്സിഡി തുക നല്കിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2015 -16 ൽ നിർവഹണം ആരംഭിച്ച 24/2016എസ്.സി. ഭവനനിർമ്മാണം എന്ന പ്രോജക്ട് 2016-17 ലും 2017-18 ലും സ്പിൽ ഓവറായി യഥാക്രമം 13/17, 46/18 എന്നീ നമ്പറുകളിൽ തുടരുകയുണ്ടായി. ഭവന നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് 3,00,000/- രൂപ സബ്സിഡി വകയിരുത്തിയിരുന്നു. തുക പിൻവലിച്ച് വിതരണം ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പിൻവലിച്ച തുക | വിതരണം ചെയ്ത തുക | ഗുണഭോക്താവിന്റെ പേര് | ബിൽ നം. തീയതി |
|---|---|---|---|---|
| 2015-16<br>24/2016 | 60,000/-<br>60,000/- | 20,000/-<br>20,000/-<br>20,000/-<br>60,000/- | റെജി,അമ്പിളി ഭവൻ, ആലന്തറ<br>രതി.ബി,ഉടയമ്പാറ കോളനി<br>ദേവദാസൻ, കോണത്ത് വീട്, പഞ്ചിയൂർ<br>റെജി, അമ്പിളി ഭവൻ, ആലന്തറ | 8/22.2.16<br>13/14.03.16 |
| 2016-17<br>(13/17) | 2,40,000/- | 1,20,000/- | റെജി, അമ്പിളി ഭവൻ, ആലന്തറ | 1/14.10.16 |

| | | | | |
|---|---|---|---|---|
| | 1,60,000/- | 60,000/-<br>60,000/-<br>60,000/-<br>1,00,000/- | ദേവദാസൻ, കോണത്ത് വീട്, പഞ്ഞിയൂർ<br>രതി.ബി, ഉടയമ്പാറകോളനി<br>ദേവദാസൻ, കോണത്ത് വീട്, പഞ്ഞിയൂർ<br>രതി.ബി, ഉടയമ്പാറകോളനി | 2/22.11.16 |
| 2017-18 (46/18) | 20,000/-<br>80,000/- | 20,000/-<br>80,000/- | രതി.ബി, ഉടയമ്പാറകോളനി<br>ദേവദാസൻ, കോണത്ത് വീട്, പഞ്ഞിയൂർ | 2/05.10.17<br>5/19.10.17 |

ദേവദാസൻ, കോണത്ത് വീട്, പഞ്ഞിയൂർ എന്ന ഗുണഭോക്താവിന് ആകെ 3,00,000/-രൂപ നല്കിയിട്ടുണ്ട്. ഇതിൽ 2,20,000/-രൂപ വികസന ഫണ്ടും 80,000/- രൂപ പ്രോജക്ട് നം.184/18 ആയി തനത് ഫണ്ട് പ്രോജക്ട് വച്ചുമാണ് നല്കിയിട്ടുള്ളത്. റെജി, അമ്പിളി ഭവൻ, ആലന്തറ, രതി.ബി, ഉടയമ്പാറ കോളനി എന്നീ ഗുണഭോക്താക്കൾക്ക് 2,00,000/- രൂപയാണ് സബ്സിഡി നല്കിയിട്ടുള്ളത്. സബ്സിഡി തുക അനുവദനീയമായ നിരക്കിൽ നല്കാത്തത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (38,19.11.18 ) രതി.ബി, ഉടയമ്പാറ കോളനി എന്ന ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 2,00,000/- രൂപയാണ് വാല്യുവേഷൻ നല്കിയിട്ടുള്ളത്. അതിനാലാണ് 2,00,000/- രൂപ സബ്സിഡി നല്കിയതെന്ന് മറുപടി നല്കി. എന്നാൽ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. റെജി എന്ന ഗുണഭോക്താവിന്റെ ഫയലിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. കൂടാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച രണ്ട് ഗുണഭോക്താക്കളും വീട് പണി പൂർത്തീകരിച്ചതിനാൽ 3,00,000/-രൂപ വീതം സബ്സിഡി തുക ലഭിക്കാൻ അർഹതയുള്ളവരാണ്. ഇക്കാര്യം 21.11.2018-ൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വീട് പൂർത്തിയാക്കിയെങ്കിലും വാല്യുവേഷൻ നല്കിയതിലുള്ള അപാകത കാരണമാണ് അർഹതപ്പെട്ട സബ്സിഡി തുക ലഭിക്കാതെ പോയതെന്ന് സ്ഥല പരിശോധന വേളയിൽ ബോദ്ധ്യപ്പെട്ടു. മാർഗ്ഗരേഖയിൽ അനുശാസിക്കും വിധം 4ഘട്ടങ്ങളായി വീട് പൂർത്തീകരിച്ചിട്ടുണ്ട്. ഭരണസമിതി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-17 ജാഗ്രതാസമിതിയുടെ പ്രവർത്തനം നടക്കുന്നില്ല

ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെയും സ്ത്രീകളുടെയും സുരക്ഷ ഉറപ്പു വരുത്തേണ്ടതും പരാതികൾ പരിഹരിക്കേണ്ടതും (ജി.ഒ(എം.എസ്)80/17 തസ്വഭവ dtd 03.04.17), പ്രസ്തുത സമിതിയുടെ യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമാണ്(കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 164എ(5)). എന്നാൽ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ, പഞ്ചായത്ത് തലത്തിലും വാർഡ് തലങ്ങളിലുമുള്ള ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/12.11.2018) ജാഗ്രതാസമിതി കൂടുന്നുവെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.- 19/18

അടങ്കൽ-2,50,000/- (വികസനഫണ്ട് ജനറൽ)

ചെലവ്-2,50,000/-

ബിൽനം.-3/17-18/23.12.17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ ആയുർവേദം

മരുന്ന് വാങ്ങൽ പ്രോജക്ടിലെ 2,50,000/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് 01.11.18ൽ ഹോംകോ, ആതിരപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല. (എൻക്വയറി നം. 39/19.11.18) ഈ സാഹചര്യത്തിൽ 2,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 59,500/- | നെൽകൃഷി വികസനം | 59,500/- | 0 |
| വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 13,600/- | ജൈവസമൃദ്ധി | 13,600/- | 0 |
| വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,25,250/- | മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,25,250/- | 0 |
| വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000/- | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 15,00,000/- | മാലിന്യ സംസ്കരണപ്ളാന്റ് നിർമ്മാണം | - | 15,00,000/- |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 5,00,000/- | പാടശേഖരങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കൽ | 36,625/- | 4,63,375/- |
| ജില്ലാപഞ്ചായത്ത് | 2017-18 | 13,600/- | ജൈവസമൃദ്ധി | 13,600/- | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 2,25,250/- | മാനസികവെല്ലുവിളി സ്കോളർഷിപ്പ് | 2,25,250/- | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | 13/17-18/ 28.9.17<br>19/17-18/6.1.18 | 2800000<br>1500000 | 2794871 | പൂർത്തികരിച്ചു | 1505129 |
| KWA | പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നം. 54287/3.1.18 | 48578 | 48578 | പൂർത്തികരിച്ചു | 0 |
| K.S.E.B | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നം.15/17-18/ 28.9.17-34943/-<br>ബിൽ 23/17-18/ 3.2.18-143156/-<br>ബിൽ24/17-18/ 8.2.18-8315 | 186414 | 186414 | പൂർത്തീകരിച്ചു | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

12,84,600/-രൂപ 17.12.2016ൽ കേസ് നം.O.S no.3/2007, E.A.18/2017 എന്നിവയിലേക്കായി സബ്കോടതി നെടുമങ്ങാടിന്റെ നിർദ്ദേശ പ്രകാരം സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ നിക്ഷേപിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2014-15 | 3.13 | 4,196/- | സരോജാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ | 117010103578/ 30.8.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 2015-16 | 2016-17<br>2,4 | തൊഴിൽ നികുതി കുടിശിക | ആകെ 50,000/- രൂപ അടവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,20,70,342/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,57,20,215/- |
| വരവിനങ്ങളിലുള്ള നഷ്ടം | 13,007/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,034/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,05,261/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽ വിലാസം |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-8 | 5,500/- | | ശ്രീ. സൂപിൻ.വി. സെക്രട്ടറി | സോപാനം, അയന്തി, പന്തുവിള, വർക്കല, 695141 |
| | 7,507/- | | ശ്രീ. പി.വി. സന്തോഷ് കുമാർ, സെക്രട്ടറി | സൗപർണ്ണിക, റ്റി.സി. 64/18692, പുഴയോരം ലൈൻ, തിരുവല്ലം |
| 3-7 | | 12,034/- | ശ്രീ.ജ്യോതിസ്.എസ്. അസി.എഞ്ചിനീയർ | മേരി ലാന്റ്, ഓടക്കുഴി ലൈൻ, തിരുമല |
| ആകെ | 13,007/- | 12,034/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽ വിലാസം |
|---|---|---|---|
| 3-2 | 25,000/- | ശ്രീ. അനിൽ കുമാർ, വെറ്റിനറി സർജൻ | റ്റി.സി.21/416, കാർത്തിക, |

| | | | |
|---|---|---|---|
| | | | നെടുങ്കാട്, കരമന |
| 3-4 | 1,06,018/- | ശ്രീ.സുപിൻ.വി, സെക്രട്ടറി, | സോപാനം, അയന്തി, പന്തുവിള, വർക്കല, 695141 |
| | 1,00,000/- | ശ്രീ. പി.വി. സന്തോഷ് കുമാർ, സെക്രട്ടറി | സൗപർണ്ണിക, റ്റി.സി.64/18692<br>പുഴയോരം ലൈൻ, തിരുവല്ലം |
| 3-13 | 13,58,969/- | ശ്രീ. അനിൽ കുമാർ, വെറ്റിനറി സർജൻ | റ്റി.സി.21/416, കാർത്തിക, നെടുങ്കാട്, കരമന |
| 3-18 | 2,50,000/- | ഡോ. സ്മിത മെഡിക്കൽ ഓഫീസർ ആയുർവേദം | കെയ് റോഡ്, റ്റി.സി.24/1648, തൈക്കാട് |
| ആകെ | 18,39,987/- | | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | K.S.ATVM.GP10/1255/2018 dated 14.6.2018 | 1 | |
| 2002-03 | KSATVMGP.10/1255/2018 dated 14.06.2018 | 7 | |
| 2004-05 | KSATVMGP.10/1255/2018 dated 14.6.2018 | 4 | |
| 2005-06 | KSATVMGP.10/1255/2018 dated 14.6.2018 | 23 | |

| | | | |
|---|---|---|---|
| 2007-08 | KSATVMGP.10/1255/2018 dated 14.6.2018 | 3 | |
| 2008-09 | KSATVMGP.10/1255/2018 dated 14.6.2018 | 3 | |
| 2009-10 | KSATVMGP.10/1255/2018 dated 14.6.2018 | 1 | |
| 2010-11 | KSATVMGP.10/1255/2018 dated 14.6.2018 | 8 | |
| 2011-12 | LFTDGP.10/629/14 dated 22-04-15 | 18 | |
| 2012-13 | LFTDGP.10/692/15 d | 19 | |
| 2014-15 | KSA.TVM.GP.10/1373/16 dated 01-08-16 | 17 | |
| 2015-16 | KSA.TVM.GP.10/2233/16 dated 9.2.2018 | 9 | |
| 2016-17 | KSA.TVM.GP.10/19/2018 dated 19-10-17 | 22 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12ലെ നമ്പർ 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.